**പതിമൂന്നാം കേരള നിയമസഭ എട്ടാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-2174**
**26/03/2013 ലെ മറുപടിക്ക്**

**എം.എൽ.എ മാരുടെ പ്രാദേശിക വികസന ഫണ്ടിന് പ്രത്യേക അക്കൗണ്ട്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.റ്റി.എ.റഹീം | ശ്രീ.കെ.എം.മാണി<br>(ബഹു.ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) |

| | | |
|---|---|---|
| (എ) | എം.എൽ.എ. മാരുടെ പ്രാദേശിക വികസന ഫണ്ട് ഓരോ മണ്ഡലത്തിന്റെയും അക്കൗണ്ടിൽ പ്രത്യേകമായി നിക്ഷേപിക്കുകയാണോ ചെയ്യുന്നതെന്നു വ്യക്തമാക്കുമോ? | എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി ജില്ലാ കളക്ടർമാരുടെ പേരിലുള്ള Special TSB അക്കൗണ്ടിൽ നിക്ഷേപിക്കുന്ന രീതിയാണ് നിലവിലുള്ളത്. ഓരോ മണ്ഡലത്തിന്റെയും തുക പ്രത്യേകം അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്ന രീതി പാലക്കാട് ജില്ലയിൽ മാത്രമേ ഇപ്പോൾ നിലവിലുള്ളൂ. |
| (ബി) | അല്ലെങ്കിൽ ഓരോ മണ്ഡലത്തിനും പ്രത്യേകം അക്കൗണ്ടുകൾ ആരംഭിക്കുന്നതിനു നടപടി സ്വീകരിക്കുമോ? | എല്ലാ ജില്ലകളിലും മണ്ഡലാടിസ്ഥാനത്തിൽ പ്രത്യേകം കണക്കുകൾ സൂക്ഷിക്കുന്ന രീതി നിലവിലുള്ളതിനാൽ പ്രത്യേക TSB അക്കൗണ്ടുകൾ ആരംഭിക്കേണ്ടുന്ന സാഹചര്യം ഇപ്പോൾ നിലവിലില്ല. |

**സെക്ഷൻ ഓഫീസർ**